**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - പ്രത്യേക വികസന നിധിയിൻ കീഴിൽ നിർമ്മിക്കുന്ന റോഡുകൾ, റോഡ് വീതി കൂട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.103/2018/ധന. തിരുവനന്തപുരം, തീയതി 04/07/2018**

---

**പരാമർശം :1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**

**2) കാസർഗോഡ് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജന) ന്റെ 31.05.2018 ലെ ആർ.ഡി4/855/2018 നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗരേഖ പ്രകാരം പ്രത്യേക വികസന നിധിയിൻ കീഴിൽ നിർമ്മിക്കുന്ന റോഡുകൾ, റോഡ് വീതി കൂട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് വൈദ്യുതി പോസ്റ്റുകൾ മാറ്റി ഇടുന്നതിനായി തുക വിനിയോഗിക്കുന്നതിന് അനുമതിയുണ്ട്.

റോഡുകളുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പുറമേ ട്രാൻസ്ഫോർമർ, ഇലക്ട്രിക് പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് നിരവധി പ്രൊപ്പോസലുകൾ എം.എൽ.എ മാർ ശിപാർശ ചെയ്യുന്നുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക വികസന നിധി വിനിയോഗിക്കാമോ എന്നതിൻമേൽ സ്പഷ്ടീകരണം നൽകണമെന്നും പരാമർശം 2 പ്രകാരം കാസർഗോഡ് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജന) അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക വികസന നിധിയിൻ കീഴിൽ നിർമ്മിക്കുന്ന റോഡുകൾ, റോഡ് വീതി കൂട്ടൽ എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. ആയതിന്റെ ചെലവ് റോഡ് നിർമ്മാണം, റോഡ് വീതികൂട്ടൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച പരാമർശം 1 പ്രകാരമുള്ള മാർഗരേഖയുടെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇപ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത് കുമാർ. എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
6. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു.പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
8. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവർൺമെന്റ് സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ട്രഷറി വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. വെബ് ആന്റ് ന്യൂമീഡിയ (ഗവൺമെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
13. നോഡൽ ഓഫീസർ, www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [E 281120 - NC-B1/84/2018-FIN.]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**